**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 835** **10-06-2021 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം, കായംകുളം തിരുവല്ല റോഡിലെ കാക്കനാട് റെയിൽവേ മേൽപ്പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ? | (എ) | ആലപ്പുഴ ജില്ലയിലെ കായംകുളം നിയമ സഭാ മണ്ഡലത്തിൽ ഉൾപ്പെട്ട കൃഷ്ണപുരം വില്ലേജിൽ മാമ്പ്രക്കുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സ ഉ(ആർ ടി) നം.942/2017/പൊമവ തീയതി 10.07.2017 പ്രകാരം ഭരണാനുമതി നൽകുകയും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (ആർ ബി ഡി സി കെ) എസ് പി വി ആയി നിയമിക്കുകയും ചെയ്തു. ആർ ബി ഡി സി കെ തയ്യാറാക്കിയ ഡി പി ആർ കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി 31.21 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയുമുണ്ടായി. കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട ടി റെയിൽവേ മേൽപ്പാലം പദ്ധതിക്കായി 1.084 ഹെക്ടർ (2.678 ഏക്കർ) സ്ഥലം ഏറ്റെടുക്കുന്നതിന് ആലപ്പുഴ ജില്ലാകളക്ടർക്ക് 24.12.2018 ൽ അഭ്യർത്ഥന നൽകുകയും, സ്ഥലം ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ എൽ എ കിഫ്ബി കായംകുളത്തിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടി ഇപ്പോൾ സാമൂഹിക ആഘാത പഠനം പൂർത്തിയാക്കി 11(1) നോട്ടിഫിക്കേഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥലം ഏറ്റെടുപ്പിന്റെ പ്രാരംഭചിലവുകൾക്ക് ആയി കിഫ്ബിയിൽ നിന്ന് 23,42,795/- രൂപ 03.11.2019 ൽ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ GAD റെയിൽവേയിൽ അംഗീകാരത്തിന് വേണ്ടി സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേയുടെ അംഗീകാരം ലഭിക്കുകയും സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ആർ ബി ഡി സി കെ യെ ഏൽപ്പിക്കുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയും. ആലപ്പുഴ ജില്ലയിലെ കായംകുളം നിയമസഭാ മണ്ഡലത്തിൽപ്പെട്ട കാക്കനാട് റെയിൽവേ |

| | | | |
|---|---|---|---|
| | | | മേൽപ്പാലത്തിന് 27.04.2018 ലെ സ ഉ (സാധാ) 780/2018/പൊമവ പ്രകാരം ഭരണാനുമതി നൽകുകയും കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ എസ് പി വി ആയി നിയമിക്കുകയും ചെയ്തു. ടി ROB യുടെ GAD 09.10.2019 ന് റെയിൽവേ അംഗികരിക്കുകയുണ്ടായി. സർവ്വീസ് റോഡുകൾ ഉൾപ്പെടെയുള്ള ROB യുടെ നിർമ്മാണത്തിനായി 29.74 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് 30.03.2019 നു അഭ്യർത്ഥന നൽകുകയുണ്ടായി. ഏറ്റെടുക്കേണ്ട ഭൂമിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 30.10.2020 നു ആരംഭിക്കുകയുണ്ടായി. കോവിഡ് -19 നെ തുടർന്നുള്ള ലോക്ഡൗൺ കാരണം അതിർത്തിക്കല്ലുകൾ സ്ഥാപിക്കുവാൻ കഴിയാതെ വരികയുണ്ടായി. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായതിനുശേഷം മാത്രമേ ടി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ